# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 2805 27.01.2014-ൽ മറുപടിയ്ക്ക്

**പട്ടികജാതി ഹോസ്റ്റലുകളുടെ നവീകരണം**

ചോദ്യം ഉത്തരം

ശ്രീ. എ.കെ. ബാലൻ

ശ്രീ. എ.പി. അനിൽകുമാർ
(പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കായുള്ള ഹോസ്റ്റലുകളിലെ ദുരിതപൂർണ്ണ ജീവിതം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | വകുപ്പിന് കീഴിലുള്ള ഹോസ്റ്റലുകളിലെ അടിസ്ഥാന സൗകര്യങ്ങളിലെയും മറ്റും അപര്യാപ്തതകൾ ശ്രദ്ധയിൽപ്പെടുന്ന മുറയ്ക്ക് അതിന് പരിഹാരം കാണുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ട്. |
| (ബി) | 'റൈറ്റ്സ്' എന്ന സംഘടനയുടെ പഠന റിപ്പോർട്ട് സർക്കാരിന് കൈമാറിയിട്ടുണ്ടോ; ആയതിന്റെ കോപ്പി ലഭ്യമാക്കുമോ; | (ബി) | 'പ്രീ-മെട്രിക് ഹോസ്റ്റൽ ഒരു പഠനം' എന്ന പേരിലുള്ള ഒരു ബുക്ക്‌ലെറ്റ് പട്ടികജാതി വികസന വകുപ്പ് ഡയറക്ടറേറ്റിൽ ലഭിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (സി) | ഈ സർക്കാർ അധികാരമേറ്റശേഷം പ്രസ്തുത ഹോസ്റ്റലുകളിലെ വിദ്യാർത്ഥികളുടെ മെസ് അലവൻസ് വർദ്ധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ എത്ര രൂപയായാണ് വർദ്ധിപ്പിച്ചത്; | (സി) | ഉണ്ട്. 26.10.2013-ലെ സ.ഉ(കൈ) നം.85/13/പജപവവിവ പ്രകാരം പ്രീ-മെട്രിക് ഹോസ്റ്റലുകളിലെ മെസ് ചാർജ്ജ് 1,300/-രൂപയിൽ നിന്നും 2,000/-രൂപയായും പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിലെ മെസ് ചാർജ്ജ് 1,500/-രൂപയിൽ നിന്നും 2,300/-രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. |
| (ഡി) | 'റൈറ്റ്സ്'-ന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും നടപടി സ്വീകരിക്കാൻ സർക്കാർ ആലോചിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകുമോ? | (ഡി) | 'റൈറ്റ്സ്'-ന്റെ റിപ്പോർട്ടിന്റെ പകർപ്പ് പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ എല്ലാ ജില്ലാ പട്ടികജാതി ഓഫീസർമാർക്കും അയച്ചു കൊടുത്തിട്ടുണ്ട്. ജില്ലാ ഓഫീസുകളിൽ നിന്നുള്ള റിപ്പോർട്ട് ലഭ്യമാക്കി ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ആഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**